I.T

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2815 13.7.2015 ൽ മറുപടിയ്ക്ക്

## രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടികൾ

ചോദ്യം
ശ്രീ.കെ. അജിത്

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജൂൺ 2 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര ജില്ലകളിലാണ് രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികൾ നടത്തിയതെന്നും ഓരോ കേന്ദ്രത്തിലും എത്ര പരാതികൾ വീതമാണ് ലഭിച്ചതെന്നും ലഭിച്ച പരാതികളിൽ എത്രയെണ്ണം വീതം തീർപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി സംസ്ഥാനത്തെ 14 ജില്ലകളിലും നടത്തിയിട്ടുണ്ട്. ഓരോ ജില്ലയിലും ലഭിച്ച പരാതികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര തുക വീതം സാമ്പത്തിക സഹായമായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | ബി) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| സി) ഇതുവരെ പൂർത്തിയാക്കിയ ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനും, സുരക്ഷ ഒരുക്കുന്നതിനുമായി ഓരോ കേന്ദ്രങ്ങളിലും എത്ര പോലീസ് ഉദ്യോഗസ്ഥരുടെ വീതം സേവനമാണ് ഏർപ്പെടുത്തിയിരുന്നതെന്നും ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണ് ചുമതല നൽകിയിരുന്നതെന്നും വെളിപ്പെടുത്തുമോ; | സി) ജനസമ്പർക്ക പരിപാടികളിൽ സിറ്റി പോലീസ് കമ്മീഷണർ, ജില്ലാപോലീസ് മേധാവി, റൂറൽ എസ്.പി എന്നിവരുടെ നേതൃത്വത്തിൽ AC/DYSP, CI, WCI, SI/ASI, WSI, CPO/WCPO തുടങ്ങിയ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ആവശ്യാനുസരണം ഏർപ്പെടുത്തിയിരുന്നു. |
| ഡി) സംസ്ഥാനത്ത് നടത്തിയ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികളിൽ ഓരോ കേന്ദ്രങ്ങളിലും പന്തൽ, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവുകൾക്കായി എത്ര തുക വീതം ഓരോ ജില്ലകളിലും ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ; | ഡി) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യ നടത്തിപ്പ് ചുമതല ഏത് വകുപ്പിനായിരുന്നു നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ? | ഇ) ജനസമ്പർക്ക പരിപാടികളുടെ മുഖ്യ നടത്തിപ്പ് ചുമതല റവന്യൂ വകുപ്പിനായിരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

| ജില്ല | ലഭിച്ച അപേക്ഷ | തീർപ്പാക്കിയ അപേക്ഷ | ചെലവായ തുക | അനുവദിച്ച തുക |
|---|---|---|---|---|
| തിരുവനന്തപുരം | 22047 | 22047 | 16,95,052 | 2,38,13,500 |
| കൊല്ലം | 44569 | 44569 | 50,94,951 | 8,55,43,500 |
| പത്തനംതിട്ട | 11614 | 11614 | 16,50,123 | 5,25,09,000 |
| ആലപ്പുഴ | 26171 | 26171 | 43,62,935 | 5,27,15,000 |
| കോട്ടയം | 14587 | 14515 | 52,61,848 | 4,17,55,000 |
| ഇടുക്കി | 17451 | 17451 | 46,65,904 | 10,53,18,500 |
| എറണാകുളം | 10923 | 10323 | 30,69,759 | 2,02,39,000 |
| തൃശ്ശൂർ | 35113 | 35079 | 27,87,040 | 3,11,39,500 |
| പാലക്കാട് | 37761 | 37761 | 45,76,196 | 3,91,51,500 |
| മലപ്പുറം | 17914 | 17914 | 32,48,205 | 4,33,36,500 |
| കോഴിക്കോട് | 22745 | 22745 | 38,08,583 | 2,33,14,500 |
| വയനാട് | 22756 | 22660 | 34,94,926 | 4,24,06,000 |
| കണ്ണൂർ | 16805 | 16458 | 44,59,459 | 6,26,89,000 |
| കാസർഗോഡ് | 20863 | 20863 | 27,14,335 | 3,03,83,000 |

സെക്ഷൻ ഓഫീസർ